മലങ്കര സുറിയാനി കത്തോലിക്കാസഭ
തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 24 | 2019 ഏപ്രിൽ | ലക്കം 4





പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്സിനെ അഭിസംബോധന ചെയ്യാനെത്തിയ
വത്തിക്കാൻ പ്രതിനിധി അഭിവന്ദ്യ ആർച്ച് ബിഷപ്പ് ജാം ബത്തിസ്ത ദ്വികോത്രോ തിരുമേനിക്ക്
അത്യഭിവന്ദ്യ കാതോലിക്കാബാവാ ഉപഹാരം സമ്മാനിക്കുന്നു. (12 മാർച്ച് 2019)



23-ാംമത് പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്സിൽ സംബന്ധിച്ച അഭിവന്ദ്യ പിതാക്കന്മാർ
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയോടൊപ്പം. (11 മാർച്ച് 2019)



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത സെന്റ് ജൂഡ്
മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയ മദ്ബഹ (കല്ലടിച്ചവിള, 9 മാർച്ച് 2019)

## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

To Unite In Love

വാല്യം 24 | 2019 ഏപ്രിൽ | ലക്കം 4

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും കോർഎപ്പിസ്‌ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്.

Prot. No. CPL 1/2019

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## ദ്വിതീയ മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലി – 2019

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്‌ക്കോപ്പാമാരേ, വന്ദ്യ റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2005-ൽ ഒരു സ്വയാധികാര (*Sui iuris*) സഭയായി സാർവ്വത്രിക സഭയിൽ അംഗീകരിക്കപ്പെട്ടതിന്റെ പതിനഞ്ചാം വാർഷികത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. അപ്പസ്തോലികമായ നമ്മുടെ സഭ അതിന്റെ ദൈവിക നിയോഗ പ്രകാരമുള്ള ശുശ്രൂഷകളിലും സേവനങ്ങളിലും ഉൾച്ചേർന്ന് 90-ാം വയസ്സിലേക്ക് പ്രവേശിക്കുന്നു. 2030-ൽ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിയാണ്. ഈ പശ്ചാത്തലങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ സഭാജീവിതത്തിന്റെ ദർശനവും ദൗത്യവും പരിശുദ്ധാത്മ നിറവിൽ വിചിന്തനം ചെയ്യുന്നതിനും പുനർസമർപ്പണം നടത്തുന്നതിനുമായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ രണ്ടാമത്തെ സഭാ അസംബ്ലി വിളിച്ചു കൂട്ടുവാനുമുള്ള നമ്മുടെ സഭയുടെ പരിശുദ്ധ സുന്നഹദോസിന്റെ തീരുമാനം സഭാമക്കളായ നിങ്ങളെ ഏവരേയും ഞാൻ സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭ സാർവത്രികസഭാ കൂട്ടായ്മയിൽ ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയായ തിനാൽ പൗരസ്ത്യ കാനൻ നിയമം അനുശാസിക്കുന്ന പ്രകാരം മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ അസംബ്ലി അഞ്ചു വർഷത്തിൽ ഒരിക്കൽ വിളിച്ചുകൂട്ടാവുന്നതാണ്. "കൂടുതൽ പ്രാധാന്യമുള്ള വിഷ യങ്ങൾ കൈകാര്യം ചെയ്യുന്നതിന്, പ്രത്യേകിച്ച് സ്വന്തം സഭയുടെ പൊതുനന്മയും, അതുപോലെതന്നെ പല സ്വയാധികാരസഭകൾ ഒരുമിച്ചു നിലനിൽക്കുന്ന പ്രദേശം മുഴുവന്റെയും പൊതുനന്മയും കണക്കിലെടുത്തുകൊണ്ട്, കാലത്തിന്റെ ഇപ്പോഴത്തെ സാഹ ചര്യങ്ങളനുസരിച്ച് പ്രേഷിതത്വത്തിന്റെ ഘടനയും കർമ്മപരിപാ ടികളും സഭാപരമായ അച്ചടക്കവും വേണ്ടരീതിയിൽ ഏകീകരിക്കു ന്നതിനു"മാണ് (140-ാം കാനോന) ഈ പൊതു സഭാ അസംബ്ലി. നമ്മുടെ സഭയിൽ ഈ സമ്മേളനം 'മലങ്കര സുറിയാനി കത്തോലി ക്കാസഭാ അസംബ്ലി' എന്ന് വിളിക്കപ്പെടുന്നു.

രണ്ടു തലങ്ങളിലായാണ് ഈ അസംബ്ലി സംഘടിപ്പിക്കു ന്നത്. ഭദ്രാസന/ എക്സാർക്കേറ്റ് എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന അസംബ്ലിയാണ് പ്രഥമതലം. ആകമാന മലങ്കര സുറിയാനി കത്തോ ലിക്കാ സഭയ്ക്ക് പൊതുവായി ക്രമീകരിക്കുന്ന പൊതു അസം ബ്ലിയാണ് രണ്ടാമത്തെ തലം.

നമ്മുടെ സഭാത്മകജീവിതത്തെ പരിശുദ്ധാത്മ നിറവിൽ പരി ചിന്തനം ചെയ്യുന്നതിനും ദൈവസംസർഗ്ഗത്തിൽ കൂടുതൽ ഉൾ ച്ചേർക്കുന്നതിനുമായി രണ്ടാമത്തെ സഭാ അസംബ്ലി വിളിച്ചുകൂട്ടു വാനുള്ള തീരുമാനം 2018 ഫെബ്രുവരി 19 മുതൽ 23 വരെ കാതോ ലിക്കേറ്റ് സെന്ററിൽ കൂടിയ സഭയുടെ 22-ാമത് പരിശുദ്ധ എപ്പിസ് കോപ്പൽ സുന്നഹദോസിലാണ് കൈക്കൊണ്ടത്. നമ്മുടെ സഭാ അസംബ്ലി **2019 ഒക്ടോബർ 8, 9** തീയതികളിൽ നടത്തപ്പെടു ന്നതും ഒക്ടോബർ 10-ന് ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 25-ാം ഓർമ്മപ്പെരു ന്നാളിലെ വി. കുർബ്ബാനയോടുകൂടി സമാപിക്കുന്നതുമാണ്. ദൂര സ്ഥലത്തുനിന്ന് വരുന്നവർ 7-ാം തീയതി വൈകുന്നേരം/രാത്രി എത്തിച്ചേരേണ്ടതാണ്. നമ്മുടെ സഭാ ആസ്ഥാനമായ കാതോലി ക്കേറ്റ് സെന്റർ കേന്ദ്രമാക്കിയാണ് അസംബ്ലി നടത്തപ്പെടുന്നത്.

മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷനാണ് സഭാ അസംബ്ലിയുടെ അദ്ധ്യക്ഷൻ. അസംബ്ലിയുടെ ക്രമീകരണങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി കൂരിയാ മെത്രാൻ അഭിവന്ദ്യ യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനി ചെയർമാനായും അഭിവന്ദ്യരായ ജോസഫ് മാർ തോമസ് തിരുമേനി, വിൻസെന്റ് മാർ പൗലോസ് തിരുമേനി എന്നിവർ വൈസ് ചെയർമാന്മാരായും റവ. ഡോ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ ജനറൽ സെക്രട്ടറിയായും ഒരു കേന്ദ്ര കമ്മിറ്റി പ്രവർത്തിക്കുന്നതാണ്. അസംബ്ലിയുടെ നടത്തിപ്പിനുള്ള വിവിധ കമ്മിറ്റികളുടെ വിശദാംശങ്ങൾ ഏവരെയും അറിയിക്കുന്നതാണ്.

നാം ജീവിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട്, സമൂഹത്തിന്റെ അടിസ്ഥാനഘടകമായ 'കുടുംബം', സഭയുടെ ദ്വിതീയ അസംബ്ലിയുടെ പൊതുവിഷയമായി തിരഞ്ഞെടുത്തു. ഇതുവഴി "സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ" എന്ന പ്രഥമ അസംബ്ലിയുടെ വിഷയത്തിന്റെ തുടർച്ചയായി "**കൃപ നിറയുന്ന കുടുംബങ്ങളിലേക്ക്**" സഭയുടെ അടിയന്തിരമായ ശ്രദ്ധതിരിക്കുവാൻ സഭ ആഗ്രഹിക്കുകയാണ്. സങ്കീർണതകളുടെ നടുവിൽ ആയിരിക്കുന്ന കുടുംബാന്തരീക്ഷത്തിൽ ദൈവീക കൃപാമാരി പെയ്തിറങ്ങാൻ സഭ ഒന്നാകെ പ്രാർത്ഥിച്ച് ഒരുങ്ങേണ്ട കാലമാണിത്. സുവിശേഷം നിറഞ്ഞു നിൽക്കുന്ന കുടുംബങ്ങളിലാണ് കൃപ നിറയുന്നത്: ഒന്നാമത്തെ സഭാ അസംബ്ലി ഈ അസംബ്ലിയിലേക്ക് വാതിൽ തുറക്കുന്നത് നാം ശ്രദ്ധയോടെ കാണണം.

പ്രതിപാദ്യ വിഷയത്തിന്റെ സന്ദേശവും ചൈതന്യവും സഭായോഗത്തിലുള്ള ഭാഗഭാഗിത്ത്വവും ഓരോ സഭാവിശ്വാസിയിലും എത്തേണ്ടതുണ്ട്. നമ്മുടെ കുടുംബങ്ങൾ, ഇടവകയിലെ വായനായോഗങ്ങൾ/ പ്രാർത്ഥനാകൂട്ടായ്മകൾ, ഇടവകകൾ, വൈദിക ജില്ലകൾ, സന്യാസ സമൂഹങ്ങൾ, ഭദ്രാസനങ്ങൾ, എന്നീ തലങ്ങളിലെല്ലാം പ്രതിപാദ്യവിഷയം ചർച്ച ചെയ്യേണ്ടതും പ്രായോഗിക നിർദ്ദേശങ്ങൾ ഉരുത്തിരിയേണ്ടതുമാണ്. 2019 ആഗസ്റ്റ് 15-ന് മുൻപ് ഭദ്രാസന അസംബ്ലി റിപ്പോർട്ട് കാതോലിക്കേറ്റ് സെന്ററിൽ എത്തിക്കത്തവിധം ഭദ്രാസന യോഗങ്ങൾ കാനൻ നിയമം അനുശാസിക്കുന്ന പ്രകാരം ഭദ്രാസനാദ്ധ്യക്ഷന്മാർ വിളിച്ചുകൂട്ടേണ്ടതാണ്.

ഭദ്രാസനതല അസംബ്ലിയുടെ നടത്തിപ്പ് സംബന്ധിച്ച പൊതു നിർദ്ദേശങ്ങൾ, ഉദ്യോഗവശാൽ യോഗത്തിൽ അംഗങ്ങളായിരിക്കുന്നവരുടെ ലിസ്റ്റ്, തെരഞ്ഞെടുക്കപ്പെടേണ്ട പ്രതിനിധികളുടെ ലിസ്റ്റ്, യോഗത്തിന്റെ ഘടന, നടത്തിപ്പ്, ഭാഗഭാഗിത്തം, യോഗനടപടികളിൽ പാലിക്കേണ്ട അച്ചടക്കം എന്നിവയെ സംബന്ധിച്ച വിശദവിവരങ്ങൾ ഈ ഇടയലേഖനത്തോടൊപ്പം ചേർത്തിരിക്കുന്നു.

ഇന്നുമുതൽ അസംബ്ലിയുടെ അവസാനം വരെ സഭയിലും, അസംബ്ലിയിലും ദൈവീക ഇടപെടലും വിശിഷ്യാ പരിശുദ്ധാത്മ പ്രചോദനവും ഉണ്ടാകുവാൻ സഭാമക്കളേവരും നിരന്തരമായി പ്രാർത്ഥിക്കണം. ഇതോടൊപ്പം തന്നിരിക്കുന്ന പ്രാർത്ഥന നമ്മുടെ എല്ലാ ഭവനങ്ങളിലും സന്ധ്യാനമസ്ക്കാരത്തിനുശേഷവും നമ്മുടെ എല്ലാ ഇടവകകളിലും ആശ്രമങ്ങളിലും മഠങ്ങളിലും വി. കുർബാനയ്ക്ക് അനുബന്ധമായും ചൊല്ലേണ്ടതാണ്.

ആയത് ദൈവമാതാവായ പരി. കന്യാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

ദൈവം നിങ്ങളെ ഏവരേയും അനുഗ്രഹിക്കട്ടെ!

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി



**✠ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ.

15.03.2019
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

N.B.: ഈ സർക്കുലർ 2019 മാർച്ച് 31-ാം തീയതി ഞായറാഴ്ചയോ അതിനടുത്ത ഞായറാഴ്ചയോ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# രണ്ടാമത് മലങ്കര സുറിയാനി കത്തോലിക്കാ സഭാ അസംബ്ലി - 2019

**'കൃപ നിറയുന്ന കുടുംബങ്ങൾ'** എന്ന വിഷയത്തെ അടിസ്ഥാനമാക്കി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ സഭാ അസംബ്ലി 2019 ഒക്ടോബർ മാസം 8 മുതൽ 10 വരെ ആലോചനകൾ നടത്തുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രതിപുരുഷയോഗമാണ് മലങ്കര കത്തോലിക്കാ സഭാ അസംബ്ലി. സഭയുടെ അതിപ്രാധാന്യമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ആലോചനാസമിതിയാണിത്. അതോടൊപ്പം വിവിധ സഭാവിഭാഗങ്ങളും മതങ്ങളും അടങ്ങിയ ഭാരത ത്തിന്റെ വൈവിധ്യമായ സാഹചര്യത്തിൽ ഈ സഭയുടെ ദൗത്യം പരിചിന്തനം ചെയ്യുന്നു. ആനുകാലിക സാഹചര്യങ്ങൾ കണക്കിലെടുത്ത് സഭയുടെ പൊതുനന്മയ്ക്കായി പ്രേഷിതത്വത്തിന്റെയും സഭാപരമായ അച്ചടക്കത്തിന്റെയും ഭാവവും കർമ്മപരിപാടികളും ഏകോപിപ്പിക്കാൻ നമ്മുടെ സഭയുടെ മേജർ ആർച്ചു ബിഷപ്പ്-കാതോലിക്കാബാവായെയും പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെയും ഇത് സഹായിക്കുന്നു (CPCSMCC c. 64, Statutes 3, Art. 5, CCEO c. 140).

രണ്ടു തലങ്ങളിലായാണ് ഈ അസംബ്ലി സംഘടിപ്പിക്കുന്നത്. ഭദ്രാസന/ എക്സാർക്കേറ്റ് എന്നിവിടങ്ങളിൽ സംഘടിപ്പിക്കുന്ന അസംബ്ലിയാണ് ആദ്യത്തെ ഒരുക്കതലം. ആകമാന മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കായി പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സംഘടിപ്പിക്കുന്ന പൊതുഅസംബ്ലിയാണ് രണ്ടാമത്തെ തലം.

## ഭദ്രാസന അസംബ്ലിയുടെ നടത്തിപ്പിനായുള്ള മാർഗരേഖ

ഇടവകതലത്തിലും വൈദികജില്ലാതലത്തിലും സന്ന്യാസഭവനങ്ങളിലുമുള്ള പഠനത്തിനും പരിചിന്തനത്തിനും ശേഷം ഭദ്രാസനതല അസംബ്ലി ഭദ്രാസനാദ്ധ്യക്ഷൻ വിളിച്ചുകൂട്ടുന്നു.

ഭദ്രാസന അസംബ്ലി വിളിച്ചുകൂട്ടേണ്ടതും അതിന് അദ്ധ്യക്ഷം വഹിക്കേണ്ടതും അതത് ഭദ്രാസനാദ്ധ്യക്ഷന്മാരാണ്. ഭദ്രാസനേതര തലങ്ങളിൽ പ്രത്യേകം ചുമതല വഹിക്കുന്ന അപ്പസ്തോലിക് വിസിറ്റർമാരോ, കോ-ഓർഡിനേറ്റർമാരോ പ്രസ്തുത ചുമതല നിർവഹിക്കേണ്ടതാണ്. സന്യാസ ആശ്രമങ്ങളിൽ സുപ്പീരിയർ ജനറൽമാരായിരിക്കണം ഇത് വിളിച്ചുകൂട്ടേണ്ടത്.

ഭദ്രാസനങ്ങളിലെ സഭാജീവിതത്തിന്റെ ആഘോഷമാണ് ഭദ്രാസന അസംബ്ലി. ഇത് ഭദ്രാസനങ്ങളുടെ ചലനാത്മകഭാവത്തെ സൂചിപ്പിക്കുന്നു.

- രണ്ടു പ്രവർത്തിദിവസങ്ങൾ കിട്ടത്തക്കവിധത്തിൽ ഭദ്രാസന അസംബ്ലി സംഘടിപ്പിക്കേണ്ടതാണ്.

- ചർച്ചകളും പ്രഥമതലത്തിലെ മറ്റു പ്രവർത്തനങ്ങളും സംഘടിപ്പിക്കാൻ ഒരു ജനറൽ സെക്രട്ടറി ഉണ്ടായിരിക്കേണ്ടതാണ്. ഭദ്രാസനതല അസംബ്ലി നടത്തിപ്പിനായി ആവശ്യമായ കമ്മറ്റികൾ ഭദ്രാസനാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ രൂപീകരിക്കേണ്ടതാണ്.

## അംഗങ്ങൾ

പ്രോട്ടോ-സിഞ്ചെല്ലൂസുമാർ, സിഞ്ചെല്ലൂസുമാർ, കോർ എപ്പിസ്ക്കോപ്പാമാർ, റമ്പാന്മാർ, ചാൻസിലർ, വൈദിക സമിതിയുടെയും അജപാലനസമിതിയുടെയും സെക്രട്ടറിമാർ, ജില്ലാവികാരിമാർ, ഭദ്രാസന ത്തിനുള്ളിൽ പ്രവർത്തിക്കുന്ന സന്യാസ സമൂഹങ്ങളുടെ പ്രതിനിധികൾ, ഭക്തസംഘടനകളുടെ ഭദ്രാസനതല ഡയറക്ടർമാരും പ്രസിഡന്റുമാരും ഉപരിഘടകങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരും, സഭയിലെ പ്രത്യേക സ്ഥാനങ്ങൾ ലഭ്യമായവർ, ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾവീതവും (30% എങ്കിലും വനിതകൾ ഉൾപ്പെട്ടിരിക്കണം). അസംബ്ലിയിൽ സംബന്ധിക്കുന്ന എല്ലാ അംഗങ്ങൾക്കും പഠനരേഖ (*lineamenta*) മുൻകൂട്ടി നൽകിയിരിക്കണം.

കുടുംബത്തെ സംബന്ധിച്ച പ്രമേയമാകയാൽ ഭദ്രാസന അസംബ്ലിയിൽ സംബന്ധിക്കുന്ന അത്മായരുടെ പ്രാതിനിധ്യം 60% വരെ ആകത്തക്ക നിലയിൽ ക്രമീകരണം നടത്തുവാൻ ഭദ്രാസന അദ്ധ്യക്ഷന്മാരെ ചുമതലപ്പെടുത്തുന്നു. അതിനുള്ള പ്രത്യേക അനുവാദം പൗരസ്ത്യ തിരുസംഘത്തിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

## ഉദ്ഘാടന സമ്മേളനം

- അദ്ധ്യക്ഷപ്രസംഗവും ഉദ്ഘാടനവും ഭദ്രാസന അദ്ധ്യക്ഷൻ നടത്തേണ്ടതാണ്.
- പരിശുദ്ധ സുന്നഹദോസ് തീരുമാനിച്ചിരിക്കുന്ന വിദഗ്ധസമിതിയിലെ ഒരാൾ വിഷയാവതരണം നടത്തുകയും ഫലവത്തായ ചർച്ചനടത്താൻ അംഗങ്ങളെ സഹായിക്കുകയും വേണം.
- അഭിവന്ദ്യ പിതാക്കന്മാരിൽ ഒരാൾ പരി. സുന്നഹദോസ് പ്രതിനിധിയായി ഭദ്രാസന അസംബ്ലിയിൽ സംബന്ധിക്കുന്നതാണ്. ഭദ്രാസനാദ്ധ്യക്ഷൻ മുൻകൂട്ടി അത് ക്രമീകരിക്കേണ്ടതാണ്.

## സെഷൻസ്

- പങ്കെടുക്കുന്ന അംഗങ്ങളെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് ചർച്ചകൾ നടത്തണം.
- ചർച്ചയ്ക്കാവശ്യമായ ചോദ്യങ്ങൾ വിദഗ്ധ സമിതിയിൽനിന്ന് മുൻകൂട്ടി വാങ്ങി ജനറൽ സെക്രട്ടറി ഗ്രൂപ്പുകൾക്ക് നൽകണം.
- ഓരോ ഗ്രൂപ്പിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന സെക്രട്ടറിമാർ അതാത് ഗ്രൂപ്പ് റിപ്പോർട്ട് പൊതുസമ്മേളനത്തിൽ അവതരിപ്പിക്കേണ്ടതാണ്.

- പ്രോട്ടോ-സിഞ്ചെല്ലൂസോ ഭദ്രാസനാദ്ധ്യക്ഷൻ നിയമിക്കുന്ന തത്തുല്യസ്ഥാനീയരോ ആയിരിക്കണം പൊതുസമ്മേളനത്തിന്റെ മോഡറേറ്റർ.
- വിശ്വാസികളുടെ പൊതു അഭിപ്രായങ്ങളും പ്രശ്നങ്ങളും കേൾക്കുവാനുള്ള ഒരു ശൂന്യവേള ഉണ്ടായിരിക്കണം.
- ഇക്കാര്യത്തിൽ കൃത്യമായ പെരുമാറ്റക്രമം പാലിക്കണം. വ്യക്തി പരമായ പരാമർശങ്ങൾ അനുവദനീയമല്ല.
- പങ്കുവയ്ക്കലുകൾക്ക് കൃത്യമായ സമയക്രമീകരണം ഉണ്ടായിരിക്കണം. (3 മിനിറ്റ് ഉചിതമായിരിക്കും).

## സമാപന സമ്മേളനം

- ഭദ്രാസന അസംബ്ലിയുടെ മുഖ്യവിഷയങ്ങൾ എടുത്തുകാട്ടുന്ന സംക്ഷിപ്തരേഖ എഴുതി ജനറൽ സെക്രട്ടറിയോ ഉത്തരവാദിത്വ പ്പെട്ട വ്യക്തിയോ നൽകേണ്ടതാണ്.
- നിശ്ചിത സമയത്തിനുള്ളിൽ ഭദ്രാസന അസംബ്ലിയുടെ റിപ്പോർട്ട് കാതോലിക്കേറ്റ് സെന്ററിൽ സഭാതല ജനറൽ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.
- സംക്ഷിപ്തമായ ഭദ്രാസന അസംബ്ലി റിപ്പോർട്ട് സഭാതല അസം ബ്ലിയിൽ അവതരിപ്പിക്കുവാൻ ഒരാളെ ഭദ്രാസന അസംബ്ലിയിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്.
- ഭദ്രാസന അസംബ്ലിയുടെ വെളിച്ചത്തിൽ കൃത്യമായ പ്രവർത്തന രേഖ ഭദ്രാസനത്തിനായി തയ്യാറാക്കാവുന്നതും നടപ്പിൽ വരു ത്താവുന്നതുമാണ്. സഭാതല അസംബ്ലി തീരുമാനങ്ങൾ സഭാ ദ്ധ്യക്ഷൻ പ്രഖ്യാപിക്കുന്നത് പ്രാവർത്തികമാക്കുവാൻ ഭദ്രാസന ത്തിന് കടമയുണ്ട്.
- വ്യക്തമായ കാഴ്ചപ്പാടോടും മുൻഗണനാക്രമങ്ങളോടുംകൂടിയ സമാപനസന്ദേശം ഭദ്രാസനാധ്യക്ഷൻ നൽകേണ്ടതാണ്.

## ക്രമീകരണങ്ങൾ

- വിവിധ ആവശ്യങ്ങൾക്കായി കമ്മിറ്റികൾ രൂപീകരിക്കുകയും വൈദിക അല്മായ കൂട്ടായ്മ പ്രകടമാക്കാവുന്നതുമാണ്.
- പങ്കെടുക്കുന്നവർക്കെല്ലാം ഫോട്ടോ പതിപ്പിച്ച നെയിം ടാഗ് നിർബന്ധവും, ധരിക്കേണ്ടതുമാണ്.
- അസംബ്ലിയംഗങ്ങൾ എല്ലാവരും ആത്മീകശുശ്രൂഷകളിൽ കൃത്യ തയോടെ പങ്കെടുക്കേണ്ടതാണ്.

ഈ ക്രമീകരണങ്ങളോടുകൂടി ഭദ്രാസന/എക്സാർക്കേറ്റ്/സന്യാസ സമൂഹം എന്നിവിടങ്ങളിൽ അസംബ്ലി സംഘടിപ്പിക്കാവുന്നതാണ്.

## ദ്വിതീയ സഭാ അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന

ഐക്യത്തിന്റെ അടയാളവും രക്ഷയുടെ മാർഗദീപവുമായി മലങ്കര സുറിയാനി കത്തോലിക്കാസഭയെ വിളിച്ചതിനാൽ സ്വർഗീയ പിതാവേ, ഞങ്ങൾ അങ്ങയുടെ പരിശുദ്ധനാമത്തെ സ്തുതിക്കുകയും അങ്ങേക്ക് നന്ദി പറയുകയും ചെയ്യുന്നു. "ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച യേശു ക്രിസ്തുവിനെയും അറിയുന്നതിലാണ്" (യോഹ 17:3) നിത്യജീവനെന്ന് സഭയായി ഞങ്ങൾ ഏറ്റുപറയുന്നു. അവിടുത്തെ ഏകജാതനെ അങ്ങ് അയച്ചതുപോലെ, "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 28:19) എന്ന് കല്പിച്ചുകൊണ്ട്, അങ്ങേ പുത്രൻ ശ്ലീഹന്മാരെ നിയോഗിച്ചുവല്ലോ.

സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാനമായ കുടുംബമെന്ന അവിടുത്തെ ദൈവീക പദ്ധതിയെക്കുറിച്ച് പ്രാർത്ഥിക്കുന്നതിനും ആലോചിക്കുന്നതിനുമായി സഭാ അസംബ്ലിയിലേക്ക് ഞങ്ങൾ സഭയായി പ്രവേശിക്കുന്നു. കുടുംബത്തിന്റെ പവിത്രതയും, പരിശുദ്ധാത്മനിറവും ലോകത്തിൽ നിർവഹിക്കുവാനുള്ള സാക്ഷ്യവും ഈ അസംബ്ലിയിലൂടെ ഞങ്ങളെ ബോധ്യപ്പെടുത്തണമേ. അതിനായുള്ള കൃപാവരങ്ങൾ ഞങ്ങളിലേക്ക് ചൊരിയണമേ.

അവിടുത്തെ പരിശുദ്ധാത്മാവ് സഭാ അസംബ്ലിയുടെമേലും, ഭദ്രാസനങ്ങളിൽ നടക്കുന്ന അസംബ്ലിയുടെമേലും വന്നാവസിക്കുകയും അവിടുത്തെ പ്രകാശത്താൽ ഞങ്ങളെ ഉജ്ജ്വലിപ്പിക്കുകയും ചെയ്യണമേ. സഭയാകമാനം ഒരു പുതിയ പെന്തക്കുസ്തായിലെന്നപോലെ ഈ സഭാ അസംബ്ലി മുഖാന്തരം ജ്വലിക്കുമാറാകണമേ. ഞങ്ങളുടെ സഭാധ്യക്ഷനെയും ഞങ്ങളുടെ പിതാക്കന്മാരെയും പ്രേഷിത ചൈതന്യമുള്ള വൈദികരെയും സന്യസ്തരെയും അൽമായ ശുശ്രൂഷകരെയും ഞങ്ങളുടെ കുടുംബങ്ങളെയും അങ്ങേ ചൈതന്യത്താൽ നിറയ്ക്കണമേ. ഞങ്ങളുടെ സഭാ അസംബ്ലിയുടെ കൂടിവരവിനെയും വിചിന്തനങ്ങളെയും അവിടുന്ന് ഫലദായകമാക്കണമേ. ലോകത്തിന്റെ പല ഭാഗങ്ങളിലായി ചിതറിപാർക്കുന്ന ഞങ്ങളുടെ സഭാ കുടുംബങ്ങളെ മുഴുവൻ കൃപനിറയുന്ന കുടുംബങ്ങളായി രൂപാന്തരപ്പെടുത്തേണമേ.

തിരുസഭയുടെ മാതാവായ പരി. മറിയത്തിന്റെയും ഞങ്ങളുടെ കാവൽ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും മധ്യസ്ഥപ്രാർത്ഥനകളോട് ചേർത്ത് കർത്താവായ യേശുക്രിസ്തുവിലൂടെ ഞങ്ങൾ അപേക്ഷിക്കുമ്പോൾ, സ്വർഗീയപിതാവേ, ഞങ്ങളുടെ സഭാഅസംബ്ലി അങ്ങേ തിരുനാമ മഹത്വത്തിനും തിരുസഭയുടെ വളർച്ചയ്ക്കും ഞങ്ങളുടെ ദേശത്തിന്റെയും കുടുംബങ്ങളുടെയും ഐശ്വര്യത്തിനും സമാധാനത്തിനും ഉതകുമാറാകണമേ. ആമ്മീൻ!

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## ദ്വിതീയ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ലോഗോ

**"കൃപ നിറയുന്ന കുടുംബങ്ങൾ"**

# മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 23-ാം സാധാരണ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമാപിച്ചു. ആഗോള കത്തോലിക്കാ സഭയിൽ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 23-ാമത് സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2019 മാർച്ച് 11-ാം തീയതി തിങ്കളാഴ്ച മുതൽ 15-ാം തീയതി വെള്ളിയാഴ്ച വരെ സഭാ ആസ്ഥാന കാര്യാലയമായ പട്ടം കാതോലിക്കേറ്റ് സെന്ററിൽ സഭാദ്ധ്യക്ഷൻ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. 11-ാം തീയതി രാവിലെ 9 മണിക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ തിരുമേനിമാരുടെ സഹകാർമികത്വത്തിലും നടത്തപ്പെട്ട വി. കുർബാനയോടെയാണ് 23-ാം പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന് തുടക്കംകുറിച്ചത്.

5 ദിവസമായി നടന്ന പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ഔദ്യോഗികമായ ഉദ്ഘാടനം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവഹിച്ചു. തുടർന്ന് ഇന്ത്യയിലെ വത്തിക്കാൻ പ്രതിനിധി അഭിവന്ദ്യ ആർച്ചുബിഷപ്പ് ജാംബത്തിസ്ത്താ ദികാത്രോ തിരുമേനി സുന്നഹദോസിനെ അഭിസംബോധന ചെയ്തു. അതിനുശേഷം പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ റിപ്പോർട്ട് അവതരണവും 5 ദിവസങ്ങളിലെ കാര്യാലോചന വിഷയങ്ങളും അവതരിപ്പിക്കപ്പെട്ടു.

മാർച്ച് 12 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണി മുതൽ പരിശുദ്ധ സുന്നഹദോസ് പിതാക്കന്മാർ മലങ്കര മേജർ സെമിനാരി സന്ദർശിക്കുകയും വൈദിക പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകരുമായും വൈദികവിദ്യാർത്ഥികളുമായും കൂടിക്കാഴ്ച നടത്തുകയും ചെയ്തു. കാലഘട്ടത്തിന്റെ വെല്ലുവിളികളെ വിശ്വാസ ജീവിതത്തിന്റെ ആഴപ്പെടലിലൂടെ സഭാത്മകമായി വളർത്തുവാൻ

ഓരോരുത്തരും പരിശ്രമിക്കണമെന്ന് സുന്നഹദോസ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു.

2019 മാർച്ച് 13 ബുധനാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 4.30 വരെ കാതോലിക്കേറ്റ് സെന്ററിലെ പാത്രിയർക്കീസ്-കർദ്ദിനാൾ മൂസാ ദാവൂദ് ഹാളിൽവച്ച് മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിയാഘോഷത്തെക്കുറിച്ചുള്ള പ്രാരംഭ ആലോചനായോഗം നടന്നു.

'കൃപ നിറയുന്ന കുടുംബങ്ങൾ' മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദ്വിതീയ അസംബ്ലിയുടെ ലോഗോ, അസംബ്ലിക്കായുള്ള പ്രത്യേക പ്രാർത്ഥന, പഠനരേഖ എന്നിവയുടെ പ്രകാശനവും ഈ സമ്മേളനത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ഈ സമ്മേളനത്തിൽ സംബന്ധിച്ച ഏവരും ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയുടെ കബറിങ്കലെത്തി ധൂപപ്രാർത്ഥനയും അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥനയും നടത്തി.

മാർച്ച് 15 വെള്ളിയാഴ്ച ഉച്ചനമസ്കാരത്തോടും ധൂപപ്രാർത്ഥനയോടുംകൂടി 23-ാം സാധാരണ പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഔദ്യോഗികമായി സമാപിച്ചു.

## മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിയാഘോഷത്തെക്കുറിച്ചുള്ള പ്രാരംഭ ആലോചനായോഗം

2019 മാർച്ച് 13 ബുധനാഴ്ച രാവിലെ 9 മുതൽ വൈകുന്നേരം 4.30 വരെ കാതോലിക്കേറ്റ് സെന്ററിലെ പാത്രിയർക്കീസ്-കർദ്ദിനാൾ മൂസാ ദാവൂദ് ഹാളിൽവച്ച് മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശതാബ്ദിയാഘോഷത്തെക്കുറിച്ചുള്ള പ്രാരംഭ ആലോചനായോഗം നടന്നു. സഭാദ്ധ്യക്ഷൻ അദ്ധ്യക്ഷനായിരുന്ന ഈ സമ്മേളനത്തിൽ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം മുഖ്യ വികാരി ജനറാളൻമാർ, മേജർ സുപ്പീരിയേഴ്സ്, ഭദ്രാസന അജപാലന സെക്രട്ടറിമാർ, മേജർ സെമിനാരി റെക്ടർ, സിനഡൽ കമ്മീഷൻ സെക്രട്ടറിമാർ, സഭാതല എം.സി.സി.എൽ., എം.സി.വൈ.എം., എം.സി.എ. എന്നിവയുടെ പ്രസിഡന്റുമാർ ഭദ്രാസനങ്ങളിലെ സോഷ്യൽ സർവ്വീസ് സെന്ററുകളുടെ ഡയറക്ടർമാർ, ഭദ്രാസനങ്ങളിലെ പി.ആർ.ഒ., സഭാംഗങ്ങളായ പ്രത്യേക ക്ഷണിതാക്കൾ എന്നിവർ സംബന്ധിച്ചു.

# വിദ്യാഭ്യാസരംഗത്തെ മികച്ച സംഭാവനയ്ക്ക് അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിക്ക് അവാർഡ്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ വിദ്യാഭ്യാസ മേഖലയിൽ നൽകുന്ന സമഗ്രമായ സംഭാവനയ്ക്ക് തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് അവാർഡ് നൽകി ആദരിച്ചു. 2019 മാർച്ച് 14-ന് വൈകുന്നേരം 4.00-ന് നടന്ന പ്രൗഢ ഗംഭീരമായ ചടങ്ങിൽ കേരള ഗവർണ്ണർ റിട്ട. ജസ്റ്റിസ് പി. സദാശിവം അവാർഡും പ്രശംസാപത്രവും നൽകി. ദൈവദാസൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി മുതൽ മലങ്കര കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻമാർ മൂല്യബോധമുള്ള യുവ തലമുറയെ വാർത്തെടുക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ തിരുവനന്തപുരം നഗരത്തിൽ സ്ഥാപിച്ചിരിക്കുന്നത് ഗവർണർ പ്രത്യേകം പരാമർശിച്ചു. മാർ ഈവാനിയോസ് വിദ്യാനഗർ തിരുവനന്തപുരം നഗരത്തിന് മാത്രം അവകാശപ്പെടാവുന്ന അനന്യമായ ഒന്നാണെന്നും ഗവർണർ ചൂണ്ടിക്കാട്ടി. കേരളാ ചീഫ് സെക്രട്ടറി ശ്രീ. റ്റോം ജോസ്, അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണ്ണബാസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിമാർ, ബഹു. വൈദികർ, തിരുവനന്തപുരം പൗരാവലിയുടെ പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

# മേജർ സെമിനാരി വൈദിക വിദ്യാർത്ഥികളുടെ ധ്യാനം

മേജർ സെമിനാരി വൈദികവിദ്യാർത്ഥികളുടെ ഏകദിന ധ്യാനം 2019 മാർച്ച് 20-ാം തീയതി രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ വേറ്റിനാട് മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രാരംഭ സന്ദേശം നൽകി. ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ ധ്യാനം നയിച്ചു.

# പുനരൈക്യ വാർഷിക ആഘോഷങ്ങളുടെ ആലോചനായോഗം

'ദൈവസമ്പാദനം അത്യുത്തമം' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 89-ാം പുനരൈക്യ വാർഷികം ബഥനി സന്ന്യാസി സമൂഹ ശതാബ്ദി ആഘോഷവും 2019 സെപ്റ്റംബർ 19, 20 തീയതികളിൽ ഗിരിദീപം ബഥനി ക്യാമ്പസിൽ നടക്കും. 2019 മാർച്ച് 29-ന് കോട്ടയത്ത് ബഥനി ഗിരിദീപം സ്കൂളിൽ നടന്ന ആലോചനായോഗത്തിന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ അദ്ധ്യക്ഷത വഹിച്ചു. ആധുനിക ചൈതന്യം ഉൾക്കൊള്ളുന്നതും ലളിതവുമായിരിക്കണം സമ്മേളനമെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ നിർദ്ദേശിച്ചു. സന്ന്യാസത്തെക്കുറിച്ചുള്ള പഠനശിബിരങ്ങളും അൽമായ-സന്ന്യസ്ത സംഗമങ്ങളും സഭയുടെ കാരുണ്യ പ്രേഷിത പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്ന കർമ്മപരിപാടിയാണ് പുനരൈക്യ വാർഷിക ആഘോഷത്തോടനുബന്ധിച്ച് നടന്നത്. ആഘോഷങ്ങളുടെ വിജയത്തിനായി 20 കമ്മിറ്റികൾ രൂപീകരിച്ച് അത്യഭിവന്ദ്യ കാതോലിക്കാ അദ്ധ്യക്ഷം വഹിച്ച ഈ ആലോചനായോഗത്തിൽ അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സാമുവൽ മാർ ഐറേനിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ് എന്നീ തിരുമേനിമാർ പങ്കെടുത്തു. ആഘോഷങ്ങളുടെ സുഗമമായ നടത്തിപ്പിനായി ബഥനി സന്ന്യാസ സമൂഹാദ്ധ്യക്ഷൻ റവ. ഫാ. ജോസ് കുരുവിള ഒ.ഐ.സി. ജനറൽ കൺവീനറായും റവ. ഡോ. വർഗീസ് മനക്കലേത്ത് ജനറൽ സെക്രട്ടറിയായും പ്രവർത്തിക്കും.

## സെമിനാരി ദിനം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ മൈനർ സെമിനാരിയായ സെന്റ് അലോഷ്യസ് മൈനർ സെമിനാരി ദിനം 2019 മാർച്ച് 2-ന് ആഘോഷിച്ചു. രാവിലെ 9.00-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. സെമിനാരിയിലെ വൈദികവിദ്യാർത്ഥികളുടെ മാതാപിതാക്കളും ഈ ദിനത്തിൽ സംബന്ധിച്ചു.

## ബഹു. വൈദികരുടെ നോമ്പുകാലധ്യാനം

മേജർ അതിഭദ്രാസനത്തിലെ വൈദികരുടെ നോമ്പുകാല വൈദികസമ്മേളനം 2019 മാർച്ച് 21-ാം തീയതി രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ വേറ്റിനാട് മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രാരംഭസന്ദേശം നൽകി. ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നോമ്പുകാല സന്ദേശം നൽകി. വി. കുർബാനയുടെ ആരാധന, വി. കുമ്പസാരം ഇവയോടുകൂടി നോമ്പുകാല വൈദികസമ്മേളനം വൈകുന്നേരം 3.30-ന് അവസാനിച്ചു. 105 ബഹു. വൈദികർ ഇതിൽ സംബന്ധിച്ചു.

## മേജർ അതിഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിന്റെ നോമ്പുകാലധ്യാനം

മേജർ അതിഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിന്റെ നോമ്പുകാലധ്യാനം 2019 മാർച്ച് 23-ാം തീയതി രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ വേറ്റിനാട് മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി പ്രാരംഭസന്ദേശം നൽകി. ബഹു. ഡാനി

യേൽ പൂവണ്ണത്തിൽ അച്ചൻ നോമ്പുകാല സന്ദേശം നൽകി. വി. കുർബാനയുടെ ആരാധനയോടുകൂടി നോമ്പുകാല വൈദിക സമ്മേളനം വൈകുന്നേരം 3.30-ന് അവസാനിച്ചു. 360 ബഹു. സിസ്റ്റേഴ്സ് ഇതിൽ സംബന്ധിച്ചു.

## വൈദിക മന്ദിരം കൂദാശ ചെയ്തു

കൊട്ടാരക്കര വൈദികജില്ലയിലെ മഞ്ഞക്കാല സെന്റ് മേരീസ് മലങ്കര സുറിയാനി ഇടവയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ കൂദാശാകർമ്മം 2019 മാർച്ച് 2-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ക്രമീകരണങ്ങൾക്ക് ഇടവക വികാരി റവ. ഫാ. ഫിലിപ്പ് കണ്ണംകുളം നേതൃത്വം നൽകി.

## മാർ ഈവാനിയോസ് കോളേജിനു എ പ്ലസ് ഗ്രേഡ്

മാർ ഈവാനിയോസ് കോളേജിന് NAAC Accreditation പരിശോധനയിൽ എ പ്ലസ് ഗ്രേഡ് ലഭിച്ചു. കഴിഞ്ഞ ഒക്ടോബറിൽ സമർപ്പിച്ച രേഖകളുടെയും 2019 മാർച്ച് 19, 20 തീയതികളിൽ നടന്ന പിയർ ടീം സന്ദർശനത്തിന്റെ വെളിച്ചത്തിലുമാണ് NAAC ഈ ഗ്രേഡ് നൽകിയത്.

## റവ. ഫാ. ജോഷ്വാ കൊച്ചുവിളയിലിന് എം.എ. പൊളിറ്റിക്കൽ സയൻസിൽ ഗോൾഡ് മെഡൽ

മാർ ഈവാനിയോസ് കോളേജ് ബർസാർ റവ. ഫാ. ജോഷ്വാ കൊച്ചുവിളയിൽ ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി എം.എ. പൊളിറ്റിക്കൽ സയൻസ് പരീക്ഷയിൽ ഗോൾഡ് മെഡലോടുകൂടി ഫസ്റ്റ് റാങ്ക് കരസ്ഥമാക്കി.

**മേജർ അതിഭദ്രാസനത്തിന്റെ അഭിനന്ദനങ്ങൾ!**

## ബഹു. വൈദികരുടെയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെയും സംയുക്ത സമ്മേളനം

മേജർ അതിഭദ്രാസനതല അസംബ്ലിയുടെ മുന്നൊരുക്കത്തിന്റെ ഭാഗമായി മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദിക

രുടെയും അജപാലന സമിതി അംഗങ്ങളുടെയും സംയുക്ത സമ്മേളനം **2019 ഏപ്രിൽ 11 വ്യാഴാഴ്ച നാലാഞ്ചിറ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ** വച്ച് നടക്കും. രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ആയിരിക്കും ഈ സമ്മേളനം. സഭാ അസംബ്ലിയുടെ പ്രത്യേക വിഷയമായ 'കൃപ നിറയുന്ന കുടുംബങ്ങൾ' ഈ സമ്മേളനത്തിൽ അവതരിപ്പിക്കും.

## ബഹു. ബ്രദർ ബെന്നി ആപ്പാഞ്ചിറ പ്രൊവിൻഷ്യൽ സുപ്പീരിയർ

ഫ്രാൻസിസ്കൻ മിഷണറി ബ്രദേഴ്സിന്റെ തിരുവനന്തപുരം പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി ബ്രദർ ബെന്നി ആപ്പാഞ്ചിറ നിയമിതനായി. ഫ്രാൻസിസ്കൻ മിഷണറി ബ്രദേഴ്സിന്റെ 14-ാമത് പ്രൊവിൻഷ്യൽ സിനാക്സിസ് ബ്രദർ ജെയിൽസ് തെക്കേമുറിയെ വൈസ് പ്രൊവിൻഷ്യലായും, ബ്രദർ പാട്രിക് ചെമ്പുകെട്ടിക്കൽ, ബ്രദർ വിൽസൺ കല്ലുങ്ങൽ, ബ്രദർ മാത്യു കാക്കാംപറമ്പിൽ എന്നിവരെ കൗൺസിലർമാരായും നിയമിച്ചു.

## എം.സി.എ., എം.സി.വൈ.എം., മാതൃവേദി പ്രവർത്തകസംഗമവും കർമ്മപദ്ധതി ഉദ്ഘാടനവും

അഞ്ചൽ വൈദികജില്ല എം.സി.എ., എം.സി.വൈ.എം., മാതൃവേദി എന്നിവയുടെ പ്രവർത്തകസംഗമവും കർമ്മപദ്ധതി ഉദ്ഘാടനവും 2019 മാർച്ച് 30-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. യുവജനങ്ങൾ ക്രിസ്തുവിനെ യഥാർത്ഥമായി പിൻചെല്ലണമെന്നും ക്രിസ്തുവിനെ ജീവന്റെ ഉറവിടമായി പ്രഘോഷിക്കണമെന്നും അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. തുടർന്ന് നടന്ന സെമിനാർ റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ, ശ്രീ. ബോബി എബ്രഹാം, ഡോ. ഷേർളി സ്റ്റുവർട്ട് എന്നിവർ നയിച്ചു. ക്രമീകരണങ്ങൾക്ക് ജില്ലാ വികാരി വെരി റവ. ഫാ. ബോവസ് മാത്യു മേലൂട്ട് നേതൃത്വം നൽകി.

## ദൈവാലയ മദ്ബഹാ കൂദാശ - കല്ലടിച്ചവിള

കഴക്കൂട്ടം വൈദികജില്ലയിലെ കല്ലടിച്ചവിള സെന്റ് ജൂഡ് മലങ്കര സുറിയാനി ദൈവാലയത്തിന്റെ നവീകരിച്ച മദ്ബഹായുടെ

കൂദാശാകർമ്മം 2019 മാർച്ച് 9-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ക്രമീകരണങ്ങൾക്ക് ഇടവക വികാരി വെരി റവ. ഫാ. തോമസ് പൂവണ്ണാൽ നേതൃത്വം നൽകി.

## കുരിശ്ശടി കൂദാശ - എലികാട്ടൂർ

പുനലൂർ വൈദികജില്ലയിലെ എലികാട്ടൂർ മലങ്കര സുറിയാനി ഇടവകയ്ക്കുവേണ്ടി പുതുതായി നിർമ്മിച്ച കുരിശ്ശടിയുടെ കൂദാശാകർമ്മം 2019 മാർച്ച് 24-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. ക്രമീകരണങ്ങൾക്ക് ഇടവക വികാരി റവ. ഫാ. ജോൺ കല്ലുംപുറത്ത് നേതൃത്വം നൽകി.

## NEW APPOINTMENT

Rev. Fr. Mathew Reji Pulinilkkunnathil OIC
- Arasuparambu
- Kozhiyode

## മേജർ അതിഭദ്രാസന ഫിനാൻസ് ഓഫീസിൽ നിന്നുള്ള അറിയിപ്പ്

തിരുവനന്തപുരം മേജർ അതിരൂപതയിലെ പള്ളികളുടെ വാർഷിക കണക്ക് തയ്യാറാക്കി ഓഡിറ്റ് ചെയ്ത് അരമനയിൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ചുവടെ ചേർക്കുന്നത്.

1. തിരുവനന്തപുരം മേജർ അതിരൂപതയിലെ എല്ലാ പള്ളികളും, സ്കൂളുകളും, കോളേജുകളും, സ്ഥാപനങ്ങളും, സംഘടനകളും **മേജർ അതിരൂപത ഫിനാൻസ് ഓഫീസിൽ** 2018-2019 വർഷത്തെ ഓഡിറ്റ് ചെയ്ത കണക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2019 മെയ് 31** ആയിരിക്കും. എങ്കിൽ മാത്രമേ ഇൻകം ടാക്സിൽ 2019 സെപ്തംബർ 30-ന് റിട്ടേൺസ് ഫയൽ ചെയ്യാൻ സാധിക്കുകയുള്ളൂ. സെപ്തംബർ 30-ന് ശേഷം താമസിക്കുന്ന ഓരോ ദിവസത്തിനും ഗവൺമെന്റിൽ നാം പിഴ അടയ്ക്കേണ്ടതാണ്. ആ തുക പ്രസ്തുത ഇടവക/സ്ഥാപനം നൽകേണ്ടതായിരിക്കും.

2. തെരട്ട് അരമനയിൽ അടച്ച് അംഗീകാരം വാങ്ങിച്ചതിനുശേഷം മാത്രമെ പുതിയ കമ്മറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ്/ സത്യപ്രതിജ്ഞ നടത്താവൂ. അരമനയുടെ (മുഖ്യ വികാരി ജനറൽ) രേഖാമൂലമായ അംഗീകാരമില്ലാത്ത സത്യപ്രതിജ്ഞ അസാധുവായി മാത്രമെ പരിഗണിക്കുകയുള്ളൂ എന്ന് അറിയിക്കുന്നു.

3. എല്ലാ വരവു ചെലവ് കണക്കുകളുടെയും രസീതുകൾ, ബില്ലുകൾ, വൗച്ചറുകൾ ഇവ ക്രമമായി തയ്യാറാക്കി ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതും ഏതു സമയത്തും ഗവൺമെന്റിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാകുന്നു. കുറഞ്ഞത് അവസാനത്തെ അഞ്ച് വർഷത്തെ ഫയലുകളാണ് ഇപ്രകാരം സൂക്ഷിക്കേണ്ടത്.

4. വാർഷിക തെരട്ട് ഫോമിൽ വെട്ടിത്തിരുത്തലുകൾ വരുത്താതെ കണക്ക് തയ്യാറാക്കേണ്ടതാണ്.

5. ഓരോ സാമ്പത്തിക വർഷവും നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ വരവ് ചെലവ് കണക്ക് അതാത് സാമ്പത്തിക വർഷം തന്നെ വാർഷിക കണക്കിൽ ചേർത്ത് ഓഡിറ്റ് ചെയ്യേണ്ടതാണ്.

6. വാർഷിക കണക്ക് അരമനയിൽ സമർപ്പിക്കാൻ കൊണ്ടുവരുന്നതിനോടൊപ്പം ട്രസ്റ്റിയും, സെക്രട്ടറിയും, നാൾവഴി, ലഡ്ജർ, പാസ്ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

7. വസ്തുവിന്റെ കരം, കെട്ടിടനികുതി എന്നിവ അടച്ച രസീതിന്റെ കോപ്പി അരമനയിൽ കണക്ക് സമർപ്പിക്കാൻ വരുമ്പോൾ കൊണ്ടുവരേണ്ടതാണ്.

8. അരമനയിൽ നിന്ന് തരുന്ന ഫോമിൽ തന്നെ വാർഷിക കണക്ക് തയ്യാറാക്കി വികാരി, ട്രസ്റ്റി, സെക്രട്ടറി എന്നിവർ ഒപ്പിട്ടാണ് കണക്ക് നൽകേണ്ടത്. ഇതിനോടൊപ്പം ഓഡിറ്റ് റിപ്പോർട്ടും നൽകണം.

9. ജനറൽ ഓഡിറ്റിംഗിനു വേണ്ടി പള്ളികളുടേയോ, സ്ഥാപനങ്ങളോടെയോ വാർഷിക കണക്ക് പരിശോധിക്കുമ്പോൾ

ഏതെങ്കിലും വിശദീകരണം ആവശ്യമായി വരുന്ന സാഹചര്യത്തിൽ അതിന്റെ ഉത്തരവാദിത്വപ്പെട്ടവർ ബന്ധപ്പെട്ട രേഖകളുമായി ഫിനാൻസ് ഓഫീസിൽ/ ഓഡിറ്റ് ഓഫീസിൽ എത്തേണ്ടതാണ്.

10. തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 വരെ അരമനയിൽ ഫിനാൻസ് ഓഫീസ് പ്രവർത്തിക്കുന്നതാണ്. ശനി, ഞായർ ദിവസങ്ങളിൽ ഓഫീസ് അവധിയായിരിക്കും.

ഇടവകകളുടെ സൗകര്യാർത്ഥം താഴെപ്പറയുന്ന തീയതികളിൽ വൈദികജില്ലാ കേന്ദ്രങ്ങളിൽ എത്തി കണക്കുകൾ സ്വീകരിക്കുന്നതാണ്.

മെയ് 14 ചൊവ്വ - അടൂർ വൈദികജില്ല (അടൂർ)
മെയ് 16 വ്യാഴം - കൊട്ടാരക്കര വൈദികജില്ല (കിഴക്കേത്തെരുവ്)
മെയ് 20 തിങ്കൾ - പുനലൂർ വൈദികജില്ല (പുനലൂർ)
മെയ് 22 ബുധൻ - അഞ്ചൽ വൈദികജില്ല (അഞ്ചൽ)
മെയ് 24 വെള്ളി - ആയൂർ വൈദികജില്ല (ആയൂർ)
മെയ് 27 തിങ്കൾ - കിളിമാനൂർ വൈദികജില്ല (പിരപ്പൻകോട്)
മെയ് 29 ബുധൻ - നെടുമങ്ങാട് വൈദികജില്ല (നെടുമങ്ങാട്)

(തിരുവനന്തപുരം, കഴക്കൂട്ടം വൈദികജില്ലകൾ ബാക്കിയുള്ള ദിവസങ്ങളിൽ സൗകര്യപ്രദമായി അരമന ഓഫീസിൽ കണക്കുകൾ എത്തിക്കാവുന്നതാണ്.)

ഈ നിർദേശങ്ങൾ പാലിക്കാൻ പള്ളിയിലേയും സ്ഥാപനങ്ങളിലേയും ഉത്തരവാദിത്വപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. ഉത്തരവാദിത്വത്തോടു തന്നെ മേൽപ്പറഞ്ഞ നിർദ്ദേശങ്ങളെ സ്വീകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സ്നേഹത്തോടെ,

വെരി റവ. ഫാ. തോമസ് കയ്യാലക്കൽ
ഫിനാൻസ് ഓഫീസർ
തിരുവനന്തപുരം മേജർ അതിഭദ്രാസനം

**NB:** ഈ അറിയിപ്പിന്റെ ഒരു കോപ്പി ഇടവകയിലെ ട്രസ്റ്റി/ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണ്.

## എം.ബി.ഒ.സി. ട്രെയിനിംഗ്

'സഭ : ക്രിസ്തുവിന്റെ അടിസ്ഥാനകൂദാശ' എന്ന വിഷയത്തെ ആസ്പദമാക്കി ഓരോ ഇടവകയിലും എം.ബി.ഒ.സി. നടത്തുന്നതിനായി ബഹു. വൈദികവിദ്യാർത്ഥികൾക്കും ബഹു. സിസ്റ്റേഴ്സിനും ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട മതാദ്ധ്യാപകർക്കുമായി 2019 മാർച്ച് 2,9,16,22 തീയതികളിലായി അഞ്ചൽ, സമന്വയ പാസ്റ്ററൽ സെന്റർ, കൊട്ടാരക്കര, സെന്റ് അലോഷ്യസ് മൈനർ സെമിനാരി തുടങ്ങിയ സെന്ററുകളിൽ വച്ച് ട്രെയിനിംഗ് നടത്തപ്പെട്ടു. റവ. ഫാ. ഡാനിയേൽ കുളങ്ങര, റവ. സി. സുനിത, റവ. സി. കാതറിൻ എസ്.ഐ.സി, ബ്രദേഴ്സ് ഷിജു ജോസഫ്, മെൽവിൻ, ഇമ്മാനുവേൽ (ക്രിസ്റ്റീൻ & ജീസസ് യൂത്ത് മിനിസ്ട്രി) എന്നിവർ പരിശീലനപരിപാടികൾക്ക് നേതൃത്വം വഹിക്കുകയും ക്ലാസ്സെടുക്കുകയും ചെയ്തു. എം.ബി.ഒ.സി. ക്യാമ്പിൽ പങ്കെടുത്ത സണ്ടേസ്കൂൾ അധ്യാപകർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

## സണ്ടേസ്കൂൾ പരീക്ഷകൾ

| | |
|---|---|
| രണ്ടാം സെമസ്റ്റർ പരീക്ഷ | - 2019 ഏപ്രിൽ 7 (ഞായർ) |
| സമയം | - 2.00 pm - 4.00 pm |
| സ്ഥലം | - അതാത് ഇടവകകൾ |

ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ മേൽനോട്ടത്തിലും പ്രഥമാധ്യാപകന്റെ ചുമതലയിലുമാണ് പരീക്ഷ നടത്തേണ്ടത്. സമയകൃത്യത പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. ബഹു. പ്രഥമാധ്യാപകരോ, മറ്റ് ഉത്തരവാദിത്വപ്പെട്ടവരോ ഏപ്രിൽ 2-നു ശേഷം ജില്ലാകേന്ദ്രങ്ങളിൽ നിന്ന് ചോദ്യപേപ്പർ കൈപ്പറ്റേണ്ടതാണ്.

| | |
|---|---|
| വാർഷിക, മത്സരപരീക്ഷ | - 2019 ഏപ്രിൽ 28 (ഞായർ) |
| സമയം | - 2.00 pm - 4.30 pm |
| സ്ഥലം | - അതാത് ജില്ലാ കേന്ദ്രങ്ങൾ |

3-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരേയും, 11-ാം ക്ലാസ്സിലേയും സ്കോളർഷിപ്പ് പരീക്ഷയും 10,12 ക്ലാസ്സുകളിലെ വാർഷിക പരീക്ഷയും ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു.

## X, XII ക്ലാസ്സിലെ സർട്ടിഫിക്കറ്റ് പരീക്ഷയുടേയും സ്കോളർഷിപ്പ് പരീക്ഷയുടേയും നിർദ്ദേശങ്ങൾ:

- വാർഷിക പരീക്ഷ (സർട്ടിഫിക്കറ്റ് പരീക്ഷ) 2019 ഏപ്രിൽ 28 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ആരംഭിച്ച് 4.30-ന് അവസാനിക്കുന്നതാണ്.
- ഉച്ചകഴിഞ്ഞ് 1.50-ന് പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ പ്രവേശിക്കേണ്ടതാണ്. 1.50 മുതൽ 2.00 മണി വരെ കൂളിംഗ് ടൈം ആയിരിക്കും.
- ചോദ്യപേപ്പറുകൾ 2 മണിക്ക് നൽകുന്നതാണ്.
- ചോദ്യപേപ്പറുകൾ കൃത്യമായി വായിച്ച് ഉത്തരങ്ങൾ എഴുതുവാൻ ശ്രദ്ധിക്കുക.
- ഉത്തരങ്ങൾക്ക് ചോദ്യനമ്പറുകൾ കൃത്യമായി നൽകിയിരിക്കണം.
- ഉത്തരങ്ങൾ മൂല്യനിർണ്ണയം ചെയ്യുന്നതിന് വ്യക്തമായി എഴുതണം.
- ഉത്തരകടലാസിനൊപ്പം ഡയറിയും നിർബന്ധമായും നൽകേണ്ടതാണ്.
- പരീക്ഷാസമയം പൂർണ്ണമായും പരീക്ഷാർത്ഥികൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

## ഹാൾടിക്കറ്റ്

10,12 ക്ലാസ്സുകളിലേയ്ക്കുള്ള ഹാൾടിക്കറ്റുകൾ രണ്ടാം സെമസ്റ്റർ ചോദ്യപേപ്പറിനൊപ്പം ഇടവകകകൾക്ക് എത്തിച്ചിട്ടുണ്ട്. ഉത്തരകടലാസ്സിൽ രജിസ്റ്റർ നമ്പർ കൃത്യമായി നിശ്ചിതസ്ഥലത്ത് വിദ്യാർത്ഥികൾ എഴുതണം.

## സെന്റ് അലോഷ്യസ് മൈനർ സെമിനാരി

# ദൈവവിളി ക്യാമ്പ്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ആൺകുട്ടികൾക്കായി ദൈവവിളി ക്യാമ്പുകൾ വിവിധ ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. 9-ാം ക്ലാസ്സ് മുതൽ പഠിക്കുന്ന ആൺകുട്ടികളെ ഈ ക്യാമ്പിലേക്ക് അയയ്ക്കാൻ ശ്രദ്ധിക്കണമേ. ക്യാമ്പ് രാവിലെ 9.00-ന് ആരംഭിച്ച് ഉച്ചയോടുകൂടി തീരുന്നതാണ്. അൾത്താര ബാലന്മാർക്കുള്ള പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങളും ഈ ക്യാമ്പിൽ നൽകുന്നതാണ്. ക്യാമ്പിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | വൈദികജില്ല | ക്യാമ്പ് നടത്തുന്ന സ്ഥലം |
|---|---|---|
| 1) 01.04.2019 തിങ്കൾ | അടൂർ | തിരുഹൃദയ മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, അടൂർ |
| 2) 02.04.2019 ചൊവ്വ | കൊട്ടാരക്കര | ഹോളി ട്രിനിറ്റി മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, കിഴക്കേത്തെരുവ് |
| 3) 03.04.2019 ബുധൻ | പുനലൂർ | സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, പുനലൂർ |
| 4) 04.04.2019 വ്യാഴം | അഞ്ചൽ | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, അഞ്ചൽ |
| 5) 05.04.2019 വെള്ളി | ആയൂർ | സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം, ആയൂർ |
| 6) 06.04.2019 ശനി | കിളിമാനൂർ, നെടുമങ്ങാട്, കഴക്കൂട്ടം, തിരുവനന്തപുരം | സമന്വയ പാസ്റ്ററൽ സെന്റർ, പട്ടം |

# ദൈവവിളി ധ്യാനം

സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദിക പരിശീലനം നടത്തുവാൻ ആഗ്രഹിക്കുന്നവർക്കായുള്ള ദൈവവിളി ധ്യാനം 2019 മെയ് 5 ഞായർ വൈകുന്നേരം 4 മുതൽ മെയ് 8 ബുധൻ വൈകുന്നേരം 4 വരെ സെന്റ് അലോഷ്യസ് മൈനർ സെമിനാരി (കേശവദാസപുരം)യിൽ വെച്ച് നടത്തപ്പെടുന്നു. സത്സ്വഭാവികളും, പൗരോഹിത്യ വിളിയോട് ആഭിമുഖ്യമുള്ളവരും, 10-ാം ക്ലാസ്സോ അതിലുപരിയോ ആയ വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ആൺകുട്ടികളെ ഈ ധ്യാനത്തിലേക്ക്

അയയ്ക്കാൻ ശ്രദ്ധിക്കണമേ. മെയ് 7-ാം തീയതി അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ക്യാമ്പിൽ പങ്കെടുക്കുന്നവരെ വ്യക്തിപരമായി കണ്ട് ഇന്റർവ്യൂ നടത്തുന്നതാണ്.

***നിർദ്ദേശങ്ങൾ:-***

1. ധ്യാനത്തിൽ പങ്കെടുക്കുന്നവർ 2019 മെയ് 5-ാം തീയതി 4 മണിക്ക് മുൻപായി സെന്റ് അലോഷ്യസ് മൈനർ സെമിനാരി (കേശവദാസപുരം) യിൽ എത്തിച്ചേരേണ്ടതാണ്.
2. ധ്യാനത്തിൽ പങ്കെടുക്കുന്നവർ ബഹു. വികാരിയച്ചന്റെ കത്ത് കൊണ്ടുവരേണ്ടതാണ്.
3. ബൈബിൾ, പേന, നോട്ട്ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്.

## എം.സി.വൈ.എം

# AYM - 2019

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ അത്യഭിവന്ദ്യ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയുടെ പ്രത്യേക നിർദ്ദേശപ്രകാരം തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ എല്ലാ യൂണിറ്റിലെയും യുവതീയുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് സുവർണ്ണ ജൂബിലി സമാപനത്തോടനുബന്ധിച്ച് യുവജനസംഗമം നടത്തുന്നു. Activated Youth of Malankara (AYM-2019) എന്ന പേരിൽ 2019 ഏപ്രിൽ 26-ാം തീയതി വെള്ളിയാഴ്ച തിരുവനന്തപുരം പട്ടം സെന്റ് മേരീസ് സ്കൂൾ അങ്കണത്തിൽ നടത്തപ്പെടുന്ന യുവജന സംഗമത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയും പങ്കെടുക്കുന്നു. രാവിലെ 8.30-ന് ആരംഭിക്കുന്ന സമ്മേളനം വൈകുന്നേരം 9.00 മണിയോടെ അവസാനിക്കും.

**കാര്യപരിപാടികൾ**

❖ വിശുദ്ധ കുർബാന ❖ യുവജന സംഗമം ❖ സുവർണ്ണജൂബിലി സമാപനം ❖ മുൻകാല നേതാക്കളെ ആദരിക്കൽ ❖ പ്രഗത്ഭരുടെ ക്ലാസുകൾ ❖ മ്യൂസിക് ഇവന്റ്

# കർമ്മപദ്ധതി ഉദ്ഘാടനം

എം.സി.എ. മേജർ അതിഭദ്രാസന സമിതിയുടെ കർമ്മ പദ്ധതി പുനലൂർ സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഉദ്ഘാടനം ചെയ്തു. സഭയുടെ വിശ്വാസജീവിതത്തിലും ആരാധനാജീവിതത്തിലും എം.സി.എ. പ്രവർത്തകൻ മുൻപിൽ നിന്ന് ഉത്തമമായ നേതൃത്വവും അനുകരണീയമായ സാക്ഷ്യവും കൊടുക്കുവാൻ നിയോഗിക്കപ്പെട്ടവരാണെന്ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഏവരെയും ഓർമ്മപ്പെടുത്തി. കാരുണ്യ പ്രവർത്തനങ്ങളിൽ വിഭാഗീയത പാടില്ലെന്നും അർഹതപ്പെട്ടവർക്ക് സഹായം എത്തിക്കുന്നതിൽ വേർതിരിവ് ഉണ്ടാകരുതെന്നും ഉദ്ഘാടന സന്ദേശത്തിൽ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി ഓർമ്മിപ്പിച്ചു. മേജർ അതിഭദ്രാസന ഡയറക്ടർ വെരി റവ. ഫാ. ഗീവർഗ്ഗീസ് നെടിയത്ത്, പ്രസിഡന്റ് ശ്രീ. മോനി ഏഴംകുളം, ജനറൽ സെക്രട്ടറി ശ്രീ. സാലു പതാലിൽ തുടങ്ങിയവർ പ്രസംഗിച്ചു.

# കുടുംബ പ്രേഷിത കാര്യാലയം

## വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2019 ഏപ്രിൽ 12, 13, 14 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2019 മെയ് 11, 12, 13 | – | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

## Marriage Preparation Course for the Deaf

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ഔദ്യോഗിക ആസ്ഥാനമായ പി.ഒ.സി. യിൽ വച്ച് 2019 ഏപ്രിൽ 12, 13, 14 തീയതികളിൽ ബധിരരായ യുവതീയുവാക്കൾക്കായി വിവാഹ ഒരുക്ക സെമിനാർ സംഘടിപ്പിച്ചിരിക്കുന്നു. അകത്തോലിക്കർക്കും ഈ സെമിനാറിൽ സംബന്ധിക്കാവുന്നതാണ്. രജിസ്ട്രേഷനായി താഴെപ്പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

ഫോൺ: 9995028229, 9495812190, 9497605833

## SAFP - F.F.T ( Family Facilitation Team ) മീറ്റിംഗ്

SAFP ഫാമിലി ഫെസിലിറ്റേഷൻ ടീം പദ്ധതിയുടെ ഫെബ്രുവരി മാസത്തെ പ്രവർത്തന അവലോകന മീറ്റിംഗ് മാർച്ച് 5-ാം തീയതി സ്രോതസ്സിൽ വച്ചു നടന്നു. എം.എസ്സ്.എസ്സ്.എസ്സ്. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത്, ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ് എന്നിവർ മീറ്റിംഗിൽ പങ്കെടുത്ത് മാർഗ്ഗനിർദേശങ്ങൾ നൽകി.

## ലോക വനിതാ ദിനാചരണം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിൽ പ്രവർത്തിക്കുന്ന മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയും, മാർ തെയോഫിലസ് ട്രെയിനിംഗ് കോളേജും സംയുക്തമായി 11/03/2019 ൽ നാലാഞ്ചിറ മാർ തെയോഫിലസ് ട്രെയിനിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ചു അന്താരാഷ്ട്ര വനിതാ ദിനാചരണം നടത്തുകയുണ്ടായി. ഡോ. ശശിതരൂർ M.P. സെമിനാർ ഉദ്ഘാടനം ചെയ്യുകയും, മഹാത്മഗാന്ധി കോളേജിലെ മലയാള വിഭാഗം അസോസിയേറ്റ് പ്രൊഫസ്സർ ശ്രീമതി. ഒലീന 'സ്ത്രീ സമത്വത്തിന്റെ അനിവാര്യത' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ ഡോ. കെ. വൈ. ബനഡിക്ട്, മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് എന്നിവർ പ്രസംഗിച്ചു.

## ന്യൂനപക്ഷ കമ്മീഷൻ സെമിനാർ

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, പദ്ധതികളെക്കുറിച്ചും മാർച്ച് 7-ാം തീയതി തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ വച്ചു നടത്തിയ ഏകദിന സെമിനാറിൽ എം.എസ്സ്.എസ്സ്.എസ്സ് ൽ നിന്നും ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത്, കോർഡിനേറ്റർ ജോർജ് ഡാനിയേൽ ഉൾപ്പെടെ 25 പേർ പങ്കെടുത്തു. ന്യൂനപക്ഷ കമ്മീഷനുമായി ബന്ധപ്പെട്ട അവകാശങ്ങളെക്കുറിച്ച് ചർച്ചനടത്തുകയും ചെയ്തു.

## സ്റ്റാഫ് മീറ്റിംഗ്

മാർച്ച് 11-ാം തീയതി രാവിലെ 10 മണി മുതൽ എം.എസ്സ്. എസ്സ്.എസ്സ്.-ന്റെ ഫെബ്രുവരി മാസത്തെ പ്രവർത്തന വിലയിരുത്തൽ മീറ്റിംഗ് നടന്നു. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷത വഹിച്ചു. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ് ചർച്ചകൾക്ക് നേതൃത്വം നൽകി. ഫെബ്രുവരി മാസത്തെ റിപ്പോർട്ട് ശ്രീമതി അജിത അവതരിപ്പിച്ചു.

## KSSF (Kerala Social Service Fourm) അതിജീവന മങ്ക അവാർഡ്

കേരള സോഷ്യൽ സർവ്വീസ് ഫോറം വിധവകൾക്കായി മാർച്ച് 13-ാം തീയതി സംഘടിപ്പിച്ച മീറ്റിംഗിൽ വച്ചു എം.എസ്സ്. എസ്സ്.എസ്സ്. ന്റെ കമ്മ്യൂണിറ്റി ഓർഗനൈസറായ ശ്രീമതി അച്ചാമ്മ സേവ്യർക്ക് 'അതിജീവന മങ്ക' അവാർഡ് ലഭിച്ചു. പ്രസ്തുത മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്. പ്രതിനിധിയായി കുമാരി ജിയാരാജ് പങ്കെടുത്തു.

## സെൻസ് ഇന്റർനാഷണൽ ട്രെയിനിംഗ്

മാർച്ച് 11 മുതൽ 14 വരെ അഹമ്മദാബാദിൽ വച്ചു നടന്ന സെൻസ് ഇന്റർ നാഷണൽ ട്രെയിനിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്. നെ പ്രതിനിധീകരിച്ച് കോർഡിനേറ്റർ ശ്രീ. എബിൻ എസ്സ്. പങ്കെടുത്തു.

## പ്രളയദുരന്ത-പുനരധിവാസ-പുനർനിർമ്മാണ പദ്ധതി

പ്രളയദുരന്ത-പുനരധിവാസ-പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇൻഡ്യയുടെ ധനസഹായത്തോടെ ജീവനോപാധി പരിപാടിയുടെ സഹായ വിതരണം (പശു, ആട്, മുട്ട കോഴി) മാർച്ച് 15, 19, 26, 29 തീയതികളിൽ കൊല്ലം ജില്ലയുടെ കിഴക്കൻ മേഖലകളിലെ 45 പള്ളികളിൽ വച്ചു നടത്തി. ഏഴംകുളം ദൈവാലയത്തിൽ ഇതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച മീറ്റിംഗ് കുളത്തൂപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ലൈലാ ബീവി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ശ്രീ. സാബു എബ്രഹാം, പഞ്ചായത്ത് ജനപ്രതിനിധികൾ തുടങ്ങിയവർ പ്രസംഗിച്ചു.

## വിധവകൾക്കായുള്ള ഉപജീവന ധനസഹായം

കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ധനസഹായ ത്തോടെ എം.എസ്സ്.എസ്സ്.എസ്സ് ന്റെ പ്രവർത്തന പരിധിയിൽപ്പെട്ട തെരഞ്ഞടുക്കപ്പെട്ട 20 വിധവകൾക്ക് മുട്ടക്കോഴി വളർത്തുന്ന പദ്ധ തിയുടെ ധനസഹായം (13,000/- രൂപ വീതം) 2019 മാർച്ച് 3-ന് എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു വിതരണം ചെയ്തു. ഇതിനോട നുബന്ധിച്ച് നടന്ന മീറ്റിംഗിൽ റവ. ഫാ. തോമസ് മുകളുംപുറത്ത് അദ്ധ്യക്ഷനായിരുന്നു. വെരി റവ. ഫാ. വർഗീസ് അങ്ങാടിയിൽ മുഖ്യപ്രഭാഷണം നടത്തി.

## സമഗ്ര ദുരന്ത നിവാരണ ശില്പശാല

2019 മാർച്ച് 20-ന് കേരളാ സ്റ്റേറ്റ് ദുരന്ത നിവാരണ അതോ റിറ്റിയും, കെയർ ഇന്ത്യയും സംയുക്തമായി തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച സമഗ്രദുരന്ത നിവാരണ ശില്പ ശാലയിൽ എം.എസ്സ്.എസ്സ്.എസ്സ്.-ൽ നിന്നും ഡോ. രാഖി ബി. ആർ., ശ്രീ. അജിൻ ജോൺ, ശ്രീ. എബിൻ എസ്. എന്നിവർ പങ്കെടുത്തു.

## കാരിത്താസ് ഇൻഡ്യ- മോണിറ്ററിംഗ് സന്ദർശനം

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തലു മായി ബന്ധപ്പെട്ട് കാരിത്താസ് ഇൻഡ്യയുടെ പ്രതിനിധികൾ 2019 മാർച്ച് 21, 22 തീയതികളിൽ കൊല്ലം ജില്ലയിലെ വിവിധ പ്രദേശ ങ്ങളിൽ സന്ദർശനം നടത്തുകയും തുടർന്ന് എം.എസ്സ്.എസ്സ്. എസ്സ്.-ൽ വച്ചു നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## രക്ഷകർത്തൃ പരിശീലന പരിപാടി

സെൻസ് ഇന്റർനാഷണൽ പദ്ധതി ബധിരാന്ധത കുട്ടിക ളുടെ രക്ഷകർത്താക്കുവേണ്ടിയുള്ള ബോധവൽക്കരണ പരിശീലന പരിപാടി 2019 മാർച്ച് 23-ന് കന്യാകുമാരി കിരാത്തൂർ സെന്ററിൽ വച്ചു നടത്തപ്പെടുകയുണ്ടായി.

## ARISE ( Acquiring Resilience & Identity Thorugh Sustainable Employment)

തിരുവനന്തപുരം ജില്ലാമിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ARISE എന്ന പ്രോഗ്രാം രണ്ട് ബ്ലോക്കുകളിൽ നടത്തുവാനായി കുടുംബശ്രീ എം.എസ്സ്.എസ്സ്.എസ്സ് നെ ഏൽപ്പിച്ചു. പോത്തൻകോട്

ബ്ലോക്കിൽ കാരമ്മൂട് കമ്പ്യൂട്ടർ സെന്ററിലും നെടുമങ്ങാട് ബ്ലോക്കിൽ ബഥനി ഐ.റ്റി.ഐ. സെന്ററിലുമായി മാർച്ച് 23-നും, മാർച്ച് 27-നും പരിശീലനം ആരംഭിച്ചു. ഇലക്ട്രോണിക്സ് റിപ്പയറിംഗ്, പ്ലംബിംഗ് എന്നീ കോഴ്സുകൾക്കാണ് പരിശീലനം നൽകുന്നത്.

## LF (Liliane Fonds ) മീറ്റിംഗ്

2019 മാർച്ച് 27-ന് ലിലിയൻ ഫോണ്ട് പദ്ധതിയുടെ ഭാഗമായി രക്ഷിതാക്കൾക്കായുള്ള പരിശീലന പരിപാടി എം.എസ്സ്.എസ്സ്.എസ്സ്.-ൽ വച്ചു നടത്തപ്പെട്ടു. ആരോഗ്യവും, ശുചിത്വവും എന്ന വിഷയത്തിൽ എം.എസ്സ്.എസ്സ്.എസ്സ്. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ് ക്ലാസ് നയിച്ചു. കോർഡിനേറ്റർ ഡോ. രാഖി ബി.ആർ. നേതൃത്വം നൽകി.

## മോണിറ്ററിംഗ് ആന്റ് ഇവാലുവേഷൻ മീറ്റിംഗ്

സെൻസ് ഇന്റർനാഷണൽ പദ്ധതി ബധിരാന്ധത കുട്ടികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, പരിശോധിക്കുന്നതിനും എം.എസ്സ്.എസ്സ്.എസ്സ്. ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ് തിരുവനന്തപുരം ചാല സെന്റർ സന്ദർശിച്ചു.

## SAFP കുടുംബ സഹായ പദ്ധതി

SAFP കുടുംബ പദ്ധതിയിൽ നിന്നും 2019 മാർച്ച് 29 വിവിധ തൊഴിൽ പദ്ധതികൾക്കു വേണ്ടി നെടുമങ്ങാട്, പോത്തൻകോട് എന്നീ റീജണുകളിലെ 2 കുടുംബങ്ങൾക്ക് ധനസഹായം നൽകി.

## ഭവന സന്ദർശനം

സേവ് എ ഫാമിലി പദ്ധതിയുടെ സഹായത്തോടെ നടത്തുന്ന ഭവന നിർമ്മാണത്തിന്റെ ഭാഗമായി എം.എസ്സ്.എസ്സ്.എസ്സ് ചീഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിജോയ് ജോസഫ്, ശ്രീ. ബൈജു ആർ. എന്നിവർ 2019 മാർച്ച് 30-ന് വിവിധ സ്ഥലങ്ങളിലുള്ള ഭവനങ്ങൾ സന്ദർശനം നടത്തി.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 2 കുടുംബങ്ങൾക്ക് 15,380 രൂപയും

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 3 കുടുംബങ്ങൾക്ക് 48,000 രൂപയും

എൽ.എഫ്. സഹായ പദ്ധതിയിൽ 34 കുട്ടികൾക്ക് 72,609 രൂപയും വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 11,500 രൂപയും നൽകി.

# ഇടയനാളാഗമം

## മാർച്ച് 2019

## (പ്രധാന പരിപാടികൾ)

**മാർച്ച് 1**

രാവിലെ 11.00 മണിക്ക് അഞ്ചൽ സെന്റ് ജോൺസ് കോളേജിൽ, പ്രിൻസിപ്പൽ റവ. ഫാ. ജോൺസൺ പുതുവേലിന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

**മാർച്ച് 2**

രാവിലെ 8.30-ന് സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ സെമിനാരി ദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 3.00-ന് മഞ്ഞക്കാല സെന്റ് മേരീസ് ദൈവാലയത്തിനുവേണ്ടി പുതുതായി പണികഴിപ്പിച്ച വൈദികമന്ദിരം കൂദാശ ചെയ്തു.

**മാർച്ച് 3**

രാവിലെ 6.00 മണിക്ക് ബസീലിയൻ സിസ്റ്റേഴ്സിന്റെ തിരുവല്ല പാലിയേക്കര മഠം ചാപ്പലിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 3.30-ന് മേജർ അതിഭദ്രാസന മന്ദിരത്തിൽ വച്ച് ഡി.സി.എം.എസ്.-ന്റെ വിവിധ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.

വൈകുന്നേരം 7.00-ന് പട്ടം സാന്ത്വനത്തിൽ ശുശ്രൂഷ ചെയ്യുന്ന സ്നേഹഗിരി സിസ്റ്റേഴ്സിന്റെ സുവർണ്ണജൂബിലി ആഘോഷത്തിൽ സംബന്ധിച്ച് അനുഗ്രഹപ്രഭാഷണം നടത്തി.

**മാർച്ച് 5**

വേറ്റിനാട് മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രത്തിൽ വചന സന്ദേശം നൽകി.

**മാർച്ച് 6**

രാവിലെ 11.00 മണിക്ക് ബഹു. കേരള മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

**മാർച്ച് 9**

രാവിലെ 10.30-ന് മാവേലിക്കര കത്തീഡ്രലിൽ മാവേലിക്കര ഭദ്രാസന ബൈബിൾ കൺവെൻഷനിൽ സമാപന സന്ദേശം നൽകി. തുടർന്ന് പ്രളയ ദുരിതാശ്വാസ സഹായവിതരണവും നിർവ്വഹിച്ചു.

വൈകുന്നേരം 6.00-ന് കല്ലടിച്ചവിള സെന്റ് ജൂഡ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിനുവേണ്ടി പുതുതായി നിർമ്മിച്ച മദ്ബഹായുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

**മാർച്ച് 10**

രാവിലെ 6.30-ന് കലയപുരം വെസ്റ്റ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും പുതുതായി നിർമ്മിക്കുന്ന ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു.

**മാർച്ച് 11–15**

പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന് ആദ്ധ്യക്ഷം വഹിച്ചു.

**മാർച്ച് 13**

മലങ്കര പുനരൈക്യത്തിന്റെ ശതാബ്ദി: ആലോചനയോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

**മാർച്ച് 14**

വൈകിട്ട് 5.00-ന് തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് & ഇൻഡസ്ട്രീസിന്റെ ചേംബർ എക്സലൻസി അവാർഡ് ബഹു. കേരള ഗവർണർ ശ്രീ. സദാശിവത്തിൽ നിന്നും ഏറ്റുവാങ്ങി.

**മാർച്ച് 18**

ഉച്ചയ്ക്ക് 12.30-ന് മാർ ഈവാനിയോസ് കോളേജിലെ Non-Teaching Staff -ന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

**മാർച്ച് 19**

നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജിൽ NAAC Accreditation പരിശോധനകൾക്കായി എത്തിയ പിയർ ടീം അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.

**മാർച്ച് 20**

വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ മേജർ സെമിനാരി വൈദിക വിദ്യാർത്ഥികൾക്കായി നടത്തിയ ഏകദിന ധ്യാനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

**മാർച്ച് 21**

വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ ബഹു. വൈദികർക്കായി നടത്തിയ നോമ്പുകാല ഏകദിന ധ്യാനത്തിൽ സംബന്ധിച്ചു.

**മാർച്ച് 22**

ഉച്ചകഴിഞ്ഞ് 3.30-ന് മാർ ഈവാനിയോസ് കോളേജ് മാനേജിംഗ് കൗൺസിൽ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

**മാർച്ച് 23**

വേറ്റിനാട് മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്ററിൽ മേജർ അതിഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന സന്ന്യാസിനികൾക്കായി നടത്തിയ നോമ്പുകാല ഏകദിന ധ്യാനത്തിൽ സംബന്ധിച്ച് പ്രാരംഭ സന്ദേശം നൽകി.

**മാർച്ച് 24**

രാവിലെ 10.00 മണിക്ക് എലികാട്ടൂർ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് കുരിശ്ശടി കൂദാശ നിർവഹിക്കുകയും ചെയ്തു.

ഉച്ചയ്ക്ക് 2.00 മണിക്ക് പുനലൂർ ദൈവാലയത്തിൽ എം.സി.എ. മേജർ അതിഭദ്രാസന സമിതിയുടെ കർമ്മപദ്ധതി ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

**മാർച്ച് 25**

രാവിലെ 11.00-ന് ദിവംഗതനായ തൈക്കൂട്ടത്തിൽ സാമുവൽ റമ്പാച്ചന്റെ ശവസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

വൈകിട്ട് 6.00-ന് മാർ ഈവാനിയോസ് കോളേജിൽ അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

**മാർച്ച് 26**

രാവിലെ 10.00 മണിക്ക് മാർ ഗ്രിഗോറിയോസ് ലോ കോളേജിൽ നടന്ന Convocation-ൽ മുഖ്യാതിഥിയായി സംബന്ധിച്ചു.

**മാർച്ച് 27**

രാവിലെ 9.00-ന് എം.സി.എ. സെൻട്രൽ കമ്മിറ്റി അംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

തുടർന്ന് മാർ തെയോഫിലോസ് ട്രെയിനിംഗ് കോളേജിലെ അവാർഡ്ദാന സമ്മേളനത്തിൽ പങ്കെടുത്തു.

വൈകിട്ട് 3.00-ന് വേറ്റിനാട് സെന്റ് ജൂഡ് ദൈവാലയത്തിൽ നിന്നും മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ വരെ നടന്ന കുരിശിന്റെ വഴി നയിച്ചു.

**മാർച്ച് 28**

രാവിലെ 10.00-ന് തിരുസന്നിധിയിൽ ജില്ലാ വികാരിമാരുടെയും മേജർ അതിഭദ്രാസന കൂരിയാ അംഗങ്ങളുടെയും സംയുക്തയോഗത്തിന് നേതൃത്വം നൽകി.

രാവിലെ 11.30-ന് ലോകയുക്തയായി നിയമിതനായ ജസ്റ്റിസ് സിറിയക് ജോസഫിന്റെ സത്യപ്രതിജ്ഞയിൽ രാജ്ഭവനിൽ സംബന്ധിച്ചു.

ഉച്ചകഴിഞ്ഞ് 3.00-ന് അഞ്ചൽ സെന്റ് മേരീസ് ഇടവകയുടെ പുതുതായി പണികഴിപ്പിക്കുന്ന ദൈവാലയത്തിനുവേണ്ടി പരി. ഫ്രാൻസിസ് മാർപാപ്പ ആശീർവദിച്ച ശില, വികാരി വെരി റവ. ഫാ. ബോവസ് മാത്യു മേലൂട്ട്, ഇടവക ട്രസ്റ്റി, സെക്രട്ടറി, കൺവീനർ എന്നിവർക്ക് കൈമാറി അപ്പസ്തോലിക ആശീർവാദം നൽകി.

വൈകിട്ട് 5.00-ന് നാലാഞ്ചിറ സർവോദയ സെൻട്രൽ വിദ്യാലയത്തിൽ ശ്രീ. ചെറിയാൻ പണിക്കരുടെ യാത്രയയപ്പ് ചടങ്ങിൽ പങ്കെടുത്തു.

**മാർച്ച് 29**

രാവിലെ 10.30-ന് കോട്ടയത്ത് ഗിരിദീപത്തിൽ 89-ാം പുനരൈക്യ വാർഷിക ആഘോഷങ്ങളുടെയും ബഥനി സന്ന്യാസ സമൂഹത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെയും ആലോചനാ യോഗത്തിൽ സംബന്ധിച്ചു.

**മാർച്ച് 30**

രാവിലെ 10.00-ന് അഞ്ചൽ വൈദികജില്ലയുടെ ഭക്തസംഘടനകളുടെ സംഗമവും പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നിർവ്വഹിച്ചു.

വൈകിട്ട് 3.00 മണിക്ക് തിരുമൂലപുരം ബഥനി സ്കൂളിന്റെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുത്തു.

**മാർച്ച് 31**

വൈകിട്ട് 3.30-ന് പത്തനംതിട്ട കത്തീഡ്രലിൽ പത്തനംതിട്ട ഭദ്രാസന ബൈബിൾ കൺവെൻഷന്റെ സമാപനദിവസം വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

# ആദരാഞ്ജലികൾ

## വന്ദ്യ തൈക്കൂട്ടത്തിൽ സാമുവൽ റമ്പാൻ (89)



അവിഭക്ത തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗവും പത്തനംതിട്ട ഭദ്രാസനാംഗവുമായ **വന്ദ്യ തൈക്കൂട്ടത്തിൽ സാമുവൽ റമ്പാൻ (89)** നിര്യാതനായി. റാന്നി-പെരുന്നാട്, കാട്ടൂർ, പുത്തൻപീടിക, കടമ്മനിട്ട, വെണ്ണിയൂർ, ബാർട്ടൺഹിൽ, കാട്ടുവിള, ചെങ്ങന്നൂർ, കലയപുരം, മൈലം-കുര, മൺവിള മുതലായ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സെന്റ് അലോഷ്യസ് മൈനർ സെമിനാരി ആദ്ധ്യാത്മികോപദേഷ്ടാവ്, മലങ്കര മേജർ സെമിനാരി പ്രൊഫസ്സർ, രജിസ്ട്രാർ എന്നീ നിലകളിലും ഭാഗ്യസ്മരണർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മലയാളത്തിലും സുറിയാനി ഭാഷയിലും പാണ്ഡിത്യമുണ്ടായിരുന്ന വന്ദ്യ റമ്പാച്ചൻ അനേക വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെയും മേജർ അതിഭദ്രാസനത്തിന്റെയും Master of Ceremonies ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്. വന്ദ്യ റമ്പാച്ചന്റെ കബറടക്കം 2019 മാർച്ച് 25-ന് രാവിലെ 11.00-ന് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രലിൽ നടന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷൻ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനി ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ തെയഡോഷ്യസ്, സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിമാർ സഹകാർമ്മികരായിരുന്നു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാജ്ഞലികൾ**

## ശ്രീ. കുഞ്ഞുകുഞ്ഞ് പൂവണ്ണാൽ

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ വെരി റവ. ഫാ. തോമസ് പൂവണ്ണാലിന്റെ ജ്യേഷ്ഠ സഹോദരനും റവ. സി. ശാലിനി ഡി.എം. ന്റെ വത്സലപിതാവുമായ **ശ്രീ. കുഞ്ഞുകുഞ്ഞ്** നിര്യാതനായി. 2019 മാർച്ച് 31-ന് 2.00 മണിക്ക് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ഭവനത്തിലെത്തി അനുശോചനം അറിയിക്കുകയും ഭവനത്തിലെ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുകയും ചെയ്തു. ശവസംസ്കാരം കൊടുമൺ ദൈവാലയത്തിൽ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെയും അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് എന്നീ തിരുമേനിയുടെയും കാർമ്മികത്വത്തിൽ നടന്നു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ**

## Major Archieparchial Tribunal News

| Prot.No. | Petitioner/Respondent | Decision | Date |
|---|---|---|---|
| MAET-372/18 | Reshma Jose/ Alexander Varghese | Affirmative | 28/02/2019 |
| MAET-373/18 | Siny Mathew/ Koshy P.T. | Affirmative | 28/02/2019 |

# ജന്മദിനാശംസകൾ

## ഏപ്രിൽ 2019

01 – റവ. ഫാ. ജേക്കബ് കല്ലുവിള
03 – റവ. ഫാ. ജേക്കബ് ജോർജ്ജ് ചിറയത്ത്
05 – റൈറ്റ്. റവ. ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോറെപ്പിസ്കോപ്പ
– വെരി റവ. ഫാ. തോമസ് കുഴിനാപ്പുറത്ത്
05 – റവ. ഫാ. ഗീവർഗ്ഗീസ് വല്ല്യചാങ്ങവീട്ടിൽ
05 – റവ. ഫാ. എഡിസൺ പള്ളിവടക്കേതിൽ
12 – റവ. ഫാ. അലക്സാണ്ടർ വലിയവീട്ടിൽ
13 – റവ. ഫാ. ജോൺ കല്ലുംപുറത്ത്
17 – റവ. ഫാ. ജേക്കബ് മാത്യു ഇടയിലഴികത്ത്
22 – റവ. ഫാ. ഫിലിപ്പ് കണ്ണംകുളത്ത്
29 – റൈറ്റ് റവ. ജെയിംസ് പാറവിള കോറെപ്പിസ്കോപ്പ
30 – റവ. ഫാ. ജോഷ്വാ കന്നിലേത്ത്
30 – റവ. ഫാ. തോമസ് അയ്യനേത്ത്

# പ്രാർത്ഥനയിൽ ഓർക്കാം

## ഏപ്രിൽ 2019

02 – റവ. ഫാ. മത്തായി മലഞ്ചരുവിൽ
15 – റവ. ഫാ. സക്കറിയാസ് എഴിയത്ത്, ഓമല്ലൂർ
16 – റവ. ഫാ. തോമസ് ഇഞ്ചക്കലോടി
20 – റവ. ഫാ. മത്തായി വിളയിൽ
25 – റവ. ഫാ. ഗീവറുഗ്ഗീസ് പീടികയിൽ
26 – റവ. ഫാ. ജേക്കബ് കിഴക്കേടത്ത്
30 – റവ. ഫാ. എബ്രഹാം മത്തായി

# സ്മരണീയ ദിനങ്ങൾ

## 2019 ഏപ്രിൽ

| | | |
|---|---|---|
| 7 | **ഞായർ** | **സമിയോ ഞായർ** (കുരുടനെ സൗഖ്യമാക്കിയത്) |
| | | വലിയ നോമ്പിലെ ആറാം ഞായർ |
| 8 | തിങ്കൾ | **ലോറൻസ് മാർ അപ്രേം തിരുമേനിയുടെ ഓർമ്മ (1997)** |
| 12 | **വെള്ളി** | **നാല്പതാം വെള്ളി** |
| | | മാർ യൂലിയോസ് പാപ്പ |
| | | **അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ** |
| 13 | ശനി | ലാസറിനെ ഉയിർപ്പിച്ച ശനിയാഴ്ച |
| | | മാർ സെറാഫിയോൻ |
| 14 | **ഞായർ** | **ഓശാന ഞായർ** |
| | | മാർ ശെമഊൻ ബെർസാബോയോ |
| | | **സാമൂഹ്യക്ഷേമ ദിനം** |
| 15 | തിങ്കൾ | ഹാശാ തിങ്കൾ |
| 16 | ചൊവ്വ | ഹാശാ ചൊവ്വാ |
| 17 | ബുധൻ | ഹാശാ ബുധൻ |
| 18 | **വ്യാഴം** | **പെസഹാവ്യാഴം** |
| 19 | വെള്ളി | **ദു:ഖവെള്ളി** |
| 20 | ശനി | ദു:ഖ ശനി |
| 21 | **ഞായർ** | **ക്യംതാ** (ഉയിർപ്പു പെരുന്നാൾ) |
| | | **വികാരിക്കുർബാന** |
| | | ഹേവോറെ ആഴ്ച |
| 23 | ചൊവ്വ | മാർ ഗീവർഗീസ് സഹദാ |
| 25 | വ്യാഴം | മർക്കോസ് സുവിശേഷകൻ |
| 26 | വെള്ളി | സകല മൗദ്യാനന്മാർ |
| 27 | ശനി | വി. ക്ലീറ്റസ് |
| 28 | **ഞായർ** | **പുതുഞായറാഴ്ച** |
| | | **സെമിനാരി ദിനം** |
| | | **അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ തിരുമേനിയുടെ ഓർമ്മ (1987)** |
| 29 | തിങ്കൾ | സിയന്നായിലെ വി. കത്രീന |
| 30 | ചൊവ്വ | **സെബദിപുത്രനായ മാർ യാക്കോബ് ശ്ലീഹാ** |

## അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

# ഏപ്രിൽ 2019

| | | | |
|---|---|---|---|
| 2 | 2.00 | pm | മാർ തെയോഫിലോസ് കോളേജ്, നാലാഞ്ചിറ |
| | 4.00 | pm | മാർ ഈവാനിയോസ് കോളേജ്, നാലാഞ്ചിറ |
| 3 | 7.30 | am | പട്ടാഴി വെസ്റ്റ്, കൊട്ടാരക്കര |
| 4 | | | ബഥനി സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽ ഹൗസ്, നാലാഞ്ചിറ |
| | 4.00 | pm | പാലാ |
| 5 | 5.00 | pm | YMCA Hall, Trivandrum |
| 8 | 7.30 | am | മാർത്താണ്ഡം |
| 9 | 7.00 | am | മൈനർ സെമിനാരി, കേശവദാസപുരം |
| | 6.00 | pm | കലയപുരം (കൊട്ടാരക്കര കൺവെൻഷൻ) |
| 11 | 10.00 | am | ഗിരിദീപം കൺവെൻഷൻ സെന്റർ, നാലാഞ്ചിറ |
| 14 | 6.30 | am | കത്തീഡ്രൽ |
| 16 | 7.00 | pm | വിജയപുരം |
| 18 | 3.00 | pm | കത്തീഡ്രൽ |
| 19 | 7.00 | am | പാളയം |
| | 10.30 | am | നെടുമൺ |
| 20 | 8.00 | pm | കത്തീഡ്രൽ |
| 23 | 6.00 | pm | വൈ.എം.സി.എ., തിരുവനന്തപുരം |
| 24 | 10.00 | am | പുന്നല |
| 25 | 11.00 | am | ആലുവ |
| 26 | | | പട്ടം (യുവജനസംഗമം) |
| | 5.30 | pm | മാർ ബസേലിയോസ് കോളേജ്, നാലാഞ്ചിറ |
| 27 | 11.00 | am | കറ്റാനം |
| | 3.00 | pm | നല്ലില |
| 28 | 9.00 | am | കിഴക്കേത്തെരുവ് |
| | 3.30 | pm | അഞ്ചൽ |
| 29 | 8.00 | am | ആനകുളം |
| 30 | 8.00 | am | ബഥനി സിസ്റ്റേഴ്സ് പ്രൊവിൻഷ്യൽ ഹൗസ്, നാലാഞ്ചിറ |

# നാമഹേതുക തിരുനാളാശംസകൾ



അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്താ
(ഏപ്രിൽ 12)

# ഓർമ്മപ്പെരുന്നാൾ



ആബൂൻ ലോറൻസ് മാർ അപ്രേം
(ഏപ്രിൽ 8)



ആബൂൻ ഐസക്ക് മാർ യൂഹാനോൻ
(ഏപ്രിൽ 28)



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത
വൈദിക മന്ദിരം (മഞ്ഞക്കാല, 2 മാർച്ച് 2019)




വിദ്യാഭ്യാസ രംഗത്തെ മികച്ച സംഭാവനയ്ക്കുള്ള Chamber Excellence Award
ബഹു. കേരള ഗവർണർ ജസ്റ്റിസ് (Rtd.) സദാശിവം
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിക്ക് സമ്മാനിക്കുന്നു (14 മാർച്ച് 2019).

**Editor**
Major Athibhadrasana Bulletin
Major Archbishop's House
Pattom P.O., Trivandrum - 4

Printed and Published by the Chancellor, Major Archdiocese of Trivandrum

Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116